ഉത്തരം

(എ) 1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് (1969-ലെ 7-ാം നമ്പർ ആക്ട്) പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് സർക്കാർ ഇതുവരെയായി 67 വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ബന്ധപ്പെട്ട ഭരണവകുപ്പുകളിലും നിയമപരമായി ഇംഗ്ലീഷ് ഭാഷയും സംസ്ഥാനത്ത് ന്യൂന പക്ഷ ഭാഷകളായ തമിഴ്, കന്നട എന്നിവയും ഉപയോഗിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുള്ള സംഗതികളൊഴികെ എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും മലയാളം മാത്രം ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വീസിലുള്ള ഒട്ടു മുക്കാൽ ടൈപ്പിസ്റ്റുമാർക്കും കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്കും മലയാളം ടൈപ്പിംഗിലും ചുരുക്കെഴുത്തിലും പരിശീലനം നൽകിയിട്ടുണ്ട്. ഇംഗ്ലീഷ്, മലയാളം ടൈപ്പ്റൈറ്ററുകൾ വിതരണം ചെയ്യുന്നതിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഭാഷാമാറ്റ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിലേക്കായി ഉന്നതതലത്തിലും സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും താലൂക്ക്തലങ്ങളിലും സമിതികൾ രൂപീകരിച്ച് പുരോഗതി അവലോകനം ചെയ്തുവരുന്നു. ജസ്റ്റിസ് നരേന്ദ്രൻ കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് കോടതിഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച് ബഹു:ഹൈക്കോടതിയുമായി സർക്കാർ ചർച്ച നടത്തിവരികയാണ്.

(ബി) സർക്കാർ ഉത്തരവ് നമ്പർ 647/65/പിഡി. ആയിട്ട് 1965 ഒക്ടോബർ 19-ാം തീയതി മുതൽ ആരംഭിച്ചു. ഇപ്പോൾ 34 വർഷം കഴിഞ്ഞിരിക്കുന്നു.

31.8.1957-ൽ ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ശ്രീ. കോമാട്ടിൽ അച്യുതമേനോൻ അദ്ധ്യക്ഷനായി ഒരു സമിതിയെ സർക്കാർ നിയോഗിച്ചു. 16.8.1958-ൽ സമിതി സർക്കാരിനു റിപ്പോർട്ടു സമർപ്പിച്ചുവെങ്കിലും അതു സംബന്ധിച്ച പ്രായോഗിക നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് 19.10.1965 ലാണ്. ഭരണഭാഷ മലയാളമാക്കുന്ന ജോലി ആരംഭിച്ചിട്ട് ഉദ്ദേശം 34 വർഷം കഴിഞ്ഞിരിക്കുന്നു. പത്താം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ 12-ാമതു റിപ്പോർട്ടിലെ ശുപാർശ പ്രകാരം മലയാളം ഉപയോഗിക്കുന്നതിനുള്ള വൈമുഖ്യം ഒഴിവാക്കുന്നതിനായി സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള ക്ലാസ്-3 വിഭാഗത്തിലുള്ള സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഐ.എം.ജി. കേന്ദ്രമാക്കി ഔദ്യോഗിക ഭാഷ പരിശീലന പരിപാടി 1999 ആഗസ്റ്റ് മാസം മുതൽ ആരംഭിച്ചു കഴിഞ്ഞു. നാളിതുവരെയായി 30 പേർ വീതമടങ്ങുന്ന 22 ബാച്ചുകൾക്ക് 5 ദിവസം കാലയളവുള്ള പരിശീലനം നൽകി കഴിഞ്ഞു.

(സി) ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര(ഔദ്യോഗിക ഭാഷ വകുപ്പാണ് ഭരണ ഭാഷ മലയാളത്തിലാക്കുന്ന ജോലി നിർവഹിച്ചുവരുന്നത്.

നാളിതുവരെ ചെലവഴിച്ച തുകയുടെ വിവരം ഇപ്പോൾ ലഭ്യമല്ല. ശേഖരിച്ചു നൽകുന്നതാണ്.

സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ

47 (81)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് പുതുതായി സ്വാതന്ത്ര്യസമര സേനാനി പെൻഷൻ അനുവദിച്ചിട്ടുണ്ട് എന്നറിയിക്കുമോ;

(ബി) സ്വാതന്ത്ര്യസമര പെൻഷൻ അപേക്ഷകളിൻമേൽ കാലതാമസം ഉണ്ടാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് കർശന നിർദ്ദേശം നൽകുമോ;

(ഡി) കായംകുളം എം.എൽ.എ. മുഖേന സമർപ്പിച്ചിട്ടുള്ള സ്വാതന്ത്ര്യ സമര പെൻഷനുവേണ്ടിയുള്ള അപേക്ഷകൾ എത്ര;

(ഇ) അതിൽ ആർക്കൊക്കെ പെൻഷൻ അനുവദിച്ചു; ഇനി അനുവദിക്കാനുള്ളത് ആർക്കെല്ലാം; വിശദവിവരം നൽകുമോ;

(എഫ്)ഇനി അനുവദിക്കാനുള്ള അപേക്ഷകൾക്ക് തീർപ്പുകൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം, കൊല്ലം, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിലായി 74 പേർക്ക് പുതുതായി പെൻഷൻ അനുവദിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി)&(സി)മതിയായ ആധികാരികരേഖകൾ സഹിതം നൽകുന്ന അപേക്ഷകളിൽ തീരുമാനം എടുക്കാൻ കാലതാമസം ഉണ്ടാകാറില്ല.

(ഡി) 12 അപേക്ഷകൾ

(ഇ) ഒരാൾക്ക് പെൻഷൻ അനുവദിച്ചു. ഇനി അനുവദിക്കുവാനുള്ളത് താഴെ പറയുന്നവർക്കാണ്.

ശ്രീ. കെ. കുഞ്ഞുപണിക്കർ

ശ്രീ. സി.കെ. രാമൻകുഞ്ഞ്

ശ്രീ. സി. കുമാരൻ

ശ്രീ. വി. കുഞ്ഞുമൊയ്തീൻകുഞ്ഞ്

ശ്രീ. കെ. കുട്ടപ്പൻ

(എഫ്) നടപടി സ്വീകരിക്കുന്നുണ്ട്.

പുതിയ ഡി.വൈ.എസ്.പി. ഓഫീസുകൾ

48 (83)ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതുതായി ഡി.വൈ.എസ്.പി. ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ജില്ലയിൽ വർക്കല കേന്ദ്രമാക്കി ആഫീസ് സ്ഥാപിക്കുന്നതിനുള്ള നിവേദനം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ വർക്കലയിൽ ഡി.വൈ.എസ്.പി. ഓഫീസ് ഉടൻ ആരംഭിക്കുന്നതിന് ഉത്തരവു നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly